പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2273 | 20.6.2012-ലെ മറുപടിക്ക് |
|---|---|

## പാൻമസാല നിരോധനത്തിനുശേഷം വിൽപ്പന രഹസ്യമായി തുടരുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പാൻമസാല നിരോധനത്തിനുശേഷം, അവയുടെ വിൽപ്പന രഹസ്യമായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) മൊത്ത വ്യാപാരികൾ സ്റ്റോക്ക് ചെയ്തിട്ടുളള ഉൽപ്പന്നങ്ങൾ നശിപ്പിച്ചു കളയാതെ, അവ വിറ്റഴിക്കുന്നതിനെതിരെ അടിയന്തിര നടപടി സ്വീകരിക്കുമോ ; | ബി) സംസ്ഥാനത്തെ മൊത്ത വ്യാപാരികൾ സ്റ്റോക്ക് ചെയ്തിട്ടുളള പുകയില ചേർന്ന പാൻമസാല പോലുളള ഉൽപ്പന്നങ്ങൾ തിരിച്ചയക്കുന്നതിനു വേണ്ടി ജൂൺ 15 വരെ സർക്കാർ സമയം നൽകിയിട്ടുണ്ട്. അതിനു ശേഷം ഇത്തരം വസ്തുക്കൾ എവിടെയെങ്കിലും സൂക്ഷിക്കുന്നതായോ വിൽക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ അവ പിടിച്ചെടുത്ത് നശിപ്പിക്കുന്നതാണ്. |
| സി) നിരോധനത്തിനുശേഷം ഇവ പിടിച്ചെടുക്കുവാൻ ആരോഗ്യവകുപ്പു അധികൃതർ പരിശോധന കർശനമാക്കിയിട്ടുണ്ടോ ? | സി) പരിശോധന കർശനമാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ